The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I move:

In the preamble, for the words "twentieth year", the words "twenty first year" shall be substituted.

The amendment was put and carried.

The question that Clause 1, Preamble and Title, as amended, stand part of the Bill was put and carried.

Clause 1, Preamble and Title, as amended, were added to the Bill.

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I move that the Kerala Public Services (Amendment) Bill, 1970 be finally passed.

Minister for Finance (**Shri N. K. Seshan**): Sir, I second it.

The question that the Kerala Public Services (Amendment) Bill, 1970 be finally passed was put and carried.

The Bill was finally passed.

The Kerala Maternity Benefit (Repeal) Bill 1970

Minister for Industries & Labour (**Shri P. Ravindran**): Sir, I introduce the Kerala Maternity Benefit (Repeal) Bill, 1970.

Mr. Speaker: The Bill stands introduced.

Minister for Industries & Labour (**Shri P. Ravindran**): Sir, I move that the Kerala Maternity Benefit (Repeal) Bill, 1970 be taken into consideration.

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I second it.

ശ്രീ. പി. രവീന്ദ്രൻ: സർ, ഫാക്ടറികളിലും പ്ലാന്റേഷനുകളിലും മറ്റു വ്യവസായസ്ഥാപനങ്ങളിലും പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലവേതനം നൽകുന്ന തിനുള്ള കേരളത്തിലെ നിയമം 'കേരളാ മെറ്റേണിറ്റി ബെനിഫിറ്റ്സ് ആക്ട് 1957' ആണ്. സർ, ശ്രീ.ടി.വി. തോമസ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പാസാക്കിയ ഒരു നിയമമാണിത്. 1958 ജനുവരിമാസം 1-ാംതീയതിമുതലാണ് ഈ നിയമം നടപ്പിൽ വന്നത്. പ്രസവകാല

LIBRARY ARCHIVES Kerala Legislative Assembly

വേതനം നൽകുന്നതിനുള്ള നിയമങ്ങളിൽവച്ച് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യം നൽകുന്ന ഒരു നിയമമായിരുന്നു അത്. ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങൾക്കും മാതൃക കാട്ടികൊടുക്കത്തക്ക വിധത്തിലുള്ള ഒരു നിയമമാണ് 57—ൽ ഈ നിയമസഭ പാസാക്കിയത്. അതിനുശേഷം കേന്ദ്രഗവൺമെൻറ് 1961-ൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകത്തക്കവിധത്തിൽ ഉള്ള except the states of Jammu Kashmeer സെൻട്രൽ ഗവൺമെൻറിൻെറ വ്യാവസായിക സ്ഥാപനങ്ങൾക്കും ബാധകമാകത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടായി. അത് മെറ്റേർണിറ്റി ബെനിഫിറ്റ്സ് ആക്ട് നമ്പർ 53 ഓഫ് 1961 ഈ രീതിയിലാണ് നടപ്പിലായത്. നമ്മുടെ സംസ്ഥാന നിയമത്തിൽ ഉള്ളതിനെക്കാൾ തൊഴിലാളികൾക്ക് കുറെക്കൂടി ആനുകൂല്യങ്ങൾ ലഭിക്കത്തക്ക ഒരു നിയമനിർമ്മാണമാണ് കേന്ദ്രത്തിലുണ്ടായത്. 1957—ൽ കേരള നിയമസഭ പാസാക്കിയ ആ നിയമത്തിനു ശേഷമാണ് കേന്ദ്രഗവൺമെൻറ് ഈ നിയമനിർമ്മാണം നടത്തിയത്. അതുകൊണ്ട് അതേ മാതൃകയിൽതന്നെയാണ് കേന്ദ്ര ഗവൺമെൻറും നിയമ നിർമ്മാണം നടത്തിയത്. പക്ഷേ അതിൻെറ വകുപ്പുകളെല്ലാം പരിശോധിച്ചുനോക്കിയാൽ സ്ത്രീ തൊഴിലാളികൾക്ക് അൽപ്പം കൂടുതൽ ആനുകൂല്യങ്ങൾ കേന്ദ്രനിയമംമൂലം ലഭിക്കുന്നതാണ്. അതുകൊണ്ട് കേന്ദ്രനിയമം നമ്മുടെ സംസ്ഥാനത്തേക്കുകൂടി ബാധകമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ന് സംസ്ഥാനത്തുള്ള 1957—ലെ നിയമം റദ്ദുചെയ്യുകയും കേന്ദ്രത്തിലെ നിയമം ഈ സംസ്ഥാനത്തിനുകൂടി ബാധകമാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ബില്ലിൻെറ പ്രധാനമായ ഉദ്ദേശം. കേന്ദ്രനിയമമനുസരിച്ച് ഏതു സംസ്ഥാനഗവൺമെൻറിനു വേണമെങ്കിലും കേന്ദ്ര നിയമം ഊർജ്ജിതമാക്കികൊണ്ട് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാവുന്നതാണ്. ആ അടിസ്ഥാനത്തിൽ കേന്ദ്ര നിയമം സംസ്ഥാനത്തുകൂടി ബാധകമാക്കാൻ കഴിയുന്നതുമാണ്. അങ്ങനെ തൊഴിലാളികൾക്ക് കൂടുതൽ അനുകൂല്യങ്ങൾ ലഭിക്കുന്നതിന് കേന്ദ്ര നിയമം സംസ്ഥാനത്തിനുകൂടി ബാധകമാക്കുകയും സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള നിയമം റദ്ദ് ചെയ്യുകയും ചെയ്യുകയെന്നുള്ളതാണ് ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ബില്ലിൻെറ പ്രധാനമായ ഉദ്ദേശം.

സർ, ഈ ആനുകൂല്യങ്ങളെ സംബന്ധിച്ച് ഒന്നുരണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാന നിയമം അനുസരിച്ച് ഒരു സ്ത്രീക്ക് പ്രസവകാലവേതനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള റേറ് ഒരു ദിവസം പന്ത്രണ്ട് അണയെന്നാണ്— പ്രസവത്തിനുമുമ്പും പ്രസവത്തിന് ശേഷവും അവധിയെടുക്കുന്ന സമയത്തെ ശമ്പളത്തിന് ഒരു ദിവസത്തെ ശമ്പളത്തിൻെറ 7/12—നെ ഏഴുകൊണ്ട് ഗുണിക്കുകയോ അല്ലെങ്കിൽ 5 1/4 രൂപയോ ഏതാണ് കൂടുതൽ അത് ബാധകമാകുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തിൽ Average daily wage per day or one rupee per day whichever is higher എന്നാണ്. അപ്പോൾ ഒരു തൊഴിലാളിക്ക് ഏറ്റവും കുറഞ്ഞത് ഒരു രൂപാ കിട്ടുമെന്നുള്ളതാണ് അതിൽ ഏറ്റവും പ്രധാന ആനുകൂല്യം. പന്ത്രണ്ടണ കേരള നിയമമനുസരിച്ച് കിട്ടുമ്പോൾ ഒരു രൂപാ കേന്ദ്ര നിയമമനുസരിച്ച് ഈ കാലഘട്ടത്തിൽ തൊഴിലാളിക്ക് ലഭിക്കുന്നതാണ്. അതുപോലെ ഗർഭം അലസിപ്പോകുന്ന സാഹചര്യത്തിൽ കേരള നിയമം അനുസരിച്ച് ഒരു സ്ത്രീക്ക് അവധികിട്ടുക മൂന്നാഴ്ചയാണ്. പക്ഷേ കേന്ദ്ര നിയമമനുസരിച്ച് ആറ് ആഴ്ചത്തെ അവധി കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ അവധിക്കാലത്ത് ഞാൻ നേരത്തേ പറഞ്ഞ രീതിയിലുള്ള റേറനുസരിച്ച് തൊഴിലാളിക്ക് വേതനം ലഭിക്കുന്നതുമാണ്. കേന്ദ്ര നിയമം അനുസരിച്ച് ഈ ആറാഴ്ചക്കാലത്തെ കൂടുതൽ വേതനം ഗർഭം അലസുന്നതുമൂലം അവധിയെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന കാലഘട്ടത്തിൽ തൊഴിലാളിക്കു ലഭിക്കും. അതുപോലെതന്നെ മറെറാരു ആനുകൂല്യം കൂടി കേന്ദ്രനിയമംമൂലം സ്ത്രീതൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഇന്ന് സംസ്ഥാനനിയമമനുസരിച്ച് മെഡിക്കൽ ബോണസ് എന്ന ഇനത്തിൽ നൽകുന്നത് പത്തുരൂപയാണ്. ഈ കേന്ദ്രനിയമം അനുസരിച്ച് മെഡിക്കൽ ബോണസ് 25 രൂപ ഒരു തൊഴിലാളിക്കു കിട്ടും. ഏറവും പ്രധാനമായ ആനുകൂല്യം ഇതാണ്. സാമ്പത്തികമായി കൂടുതൽ ആനുകൂല്യങ്ങൾ കേന്ദ്രനിയമം മൂലം ലഭിക്കുന്നുണ്ട്. അതു മെഡിക്കൽ ബോണസ് ഇനത്തിലും അതുപോലെതന്നെ ഈ ആവറേജ് ഡെയിലി വേജ് ഒരു രൂപയെന്ന റേറിലും സ്ത്രീതൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതാണ്. ഒരു പ്രധാനപ്പെട്ട ആനുകൂല്യമാണ് ഗർഭം. അലസുന്ന കാലത്തുള്ള ലീവിനെസംബന്ധിച്ചുള്ളത്. ആറാഴ്ച കേന്ദ്രനിയമം അനുസരിച്ചും മൂന്നാഴ്ച സംസ്ഥാനനിയമം അനുസരിച്ചും ഉണ്ട്. ഈ നിയമം ബാധമകമാകുന്നതോടുകൂടി ആറാഴ്ച അവധി കിട്ടും. അതിന് ആവറേജ് ഡെയിലിവേജ് ഒരു രൂപയെന്നുള്ള നിരക്കനുസരിച്ച് തൊഴിലാളികൾക്ക് വേതനം ലഭിക്കുകയും ചെയ്യും. അങ്ങനെ ഒട്ടാകെ പരിശോധിച്ചുനോക്കുമ്പോൾ കേന്ദ്രനിയമം സംസ്ഥാനനിയമത്തെക്കാൾ തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനകരമാണെന്നു കണ്ടതുകൊണ്ടാണ് ഗവൺമെൻറ് കേന്ദ്രനിയമം ഈ സംസ്ഥാനത്തുകൂടി ബാധകമാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഈ ബില്ലിനെസംബന്ധിച്ച് വലിയ തർക്കങ്ങളൊന്നും ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. 1965 മുതൽ തന്നെ ഈ കേന്ദ്രനിയമം സംസ്ഥാനത്തിൽകൂടി ബാധകമാക്കണമെന്നുള്ള നിർദ്ദേശം ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഗവൺമെൻറിനയച്ചിരുന്നു. പക്ഷേ പല എഴുത്തുകുത്തുകളും നടത്തിക്കൊണ്ടിരുന്നു എന്നുള്ളതിൽകവിഞ്ഞ് നമ്മുടെ രാജ്യത്തുള്ള സ്ത്രീതൊഴിലാളികൾക്ക് കേന്ദ്രനിയമം ബാധകമാകുന്നതുമൂലം ഉള്ള ആനുകൂല്യം വേഗത്തിൽ കൊടുക്കുന്നതിനുള്ള ശ്രമം ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഈ പ്രശ്നം വേഗത്തിൽ പരിഗണിക്കണമെന്ന് നിർദ്ദേശിക്കുകയും അതനുസരിച്ച് കേന്ദ്ര നിയമം ബാധകമാക്കിക്കൊണ്ടുള്ള ബിൽ അവതരിപ്പിക്കാൻ തീരുമാനിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. അതനുസരിച്ച് അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണിത്. ഈ ബിൽ നമ്മുടെ രാജ്യത്തെ ഫാക്ടറികളിലും പ്ലാൻേറഷനുകളിലും അതുപോലെ ഈ നിയമം ബാധകമാക്കിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീത്തൊഴിലാളികൾക്ക് പ്രസവകാലത്ത് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന ഒരു ബില്ലാണിത്. നമ്മുടെ സ്ത്രീത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൂടുതൽ സാമ്പത്തികമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണ്. ഒരു സ്ത്രീത്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു നിയമ നിർമ്മാണമാണിത് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ അടിസ്ഥാനത്തിൽ ഈ സഭ ഇതു ഐകകണ്ഠ്യേന പാസാക്കിത്തരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള എൻെറ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽനിന്നും 57–ലെ സംസ്ഥാന നിയമത്തിനുശേഷം സെൻട്രൽ നിയമം വന്നു എന്നു മനസിലായി. വ്യവസായത്തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടുന്ന ഏതു നിയമവും എത്രയും വേഗം നടപ്പിലാക്കേണ്ടത് ഒരു ജനാധിപത്യ ഗവൺമെൻറിൻെറ ചുമതലയാണ്. ഐക്യമുന്നണി ഗവൺമെൻറ് 1967–ൽ അധികാരത്തിൽ വന്നതിനുശേഷം ഇത്രയും നാളായിട്ടും ഇതിന് അമാന്തിച്ചത് ഒരു ആരോപണമായി ഞാൻ കൊണ്ടുവരികയാണ്. ഏതായാലും ചില തൊഴിലാളികൾക്ക് ചില ഭയാശങ്കകൾ ഉണ്ടെന്ന് അഭിപ്രായം പ്രകടിപ്പിച്ചുവെങ്കിലും സമഗ്രമായി നോക്കുന്ന പക്ഷം സെൻട്രൽ ആക്ട് നടപ്പിലാക്കേണ്ടതും അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുള്ള ആനുകൂല്യം ലഭ്യമാക്കേണ്ടതുമാണ്. സെൻട്രൽ ആക്ട് കൊണ്ടുള്ള ആനുകൂല്യം 1957–ലെ ആക്ടിൽ നിന്ന് കിട്ടാൻ സാധിക്കുന്നില്ല. പിന്നെ അവരവരുടെ ഇഷ്ടംപോലെയുള്ള ഓപ്ഷനു് അധികാരവുമുണ്ട്. ഏതായാലും എന്റെ അമൻറ്മെൻറ് പബ്ലിക്ക് ഒപ്പീനിയനു് മാർച്ച് 1–ാം തീയതി വരെ സർക്കുലേറ്റ് ചെയ്യണമെന്നുള്ളതാണ്. അതു ഞാൻ അവതരിപ്പിക്കുന്നു. ഏതായാലും മുൻ ഗവൺമെൻറ് നടപ്പിലാക്കാൻ അമാന്തിച്ച ഈ ബിൽ ഈ ഗവൺമെൻറ് നടപ്പിലാക്കാൻ ശ്രമിച്ചതിനു് ഗവൺമെൻറിനെ അനുമോദിക്കുകയാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ഈ നിയമം എത്രയും വേഗത്തിൽ നടപ്പിലാക്കേണ്ടതാണ്. അതുമൂലം ഈ സംസ്ഥാനത്തിലെ മുഴുവൻ സ്ത്രീ തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും വളരെയെറെ പ്രശംസയ്ക്കും അഭിനന്ദനത്തിനും ഗവൺമ്മെൻറു പാത്രമാകുന്നതാണ്. ഏതേതെല്ലാം നിയമങ്ങൾ ഉണ്ടാക്കിയെന്നുള്ളതു മാത്രമല്ല പൊതുവേ തൊഴിലാളികളോട്, തൊഴിലാളികളുടെ സംഘടനകളോട് എടുക്കുന്ന സമീപനമാണ് പ്രധാനം. സർ, 1967–ൽ അധികാരത്തിൽ വന്ന ഗവൺമ്മെൻറ് യഥാർത്ഥത്തിൽ തൊഴിലാളികൾക്ക്, തങ്ങൾക്കുകൂടി തങ്ങളുടെ താൽപ്പര്യങ്ങൾകൂടി സംരക്ഷിക്കുന്ന ഗവൺമ്മെൻറാണെന്ന ആത്മവിശ്വാസമുണ്ടാക്കാവുന്ന നടപടിയൊന്നും എടുത്തിട്ടില്ല. ഇതിനുമുൻപ് ചില നിയമങ്ങൾ, തൊഴിലാളികൾക്കു ബാധകമാകുന്ന രണ്ടുമൂന്നുനിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഡിസ്ചാർജ്, ഡിസ്മിസൽ, ഷോപ്പ്സ് ആക്ടിലെ ഭേദഗതി, പ്ലാൻേറഷൻ ആക്ടിലെ ഭേദഗതി ഇങ്ങനെ നിസ്സാരമായ ചില ഭേദഗതികൾ ഉൾക്കൊള്ളുന്ന നിയമങ്ങൾ മുൻഗവൺമ്മെൻറ് പാസ്സാക്കിയെടുക്കുകയുണ്ടായി. അതുപോലെതന്നെ ഫെസ്റ്റിവൽസ് സംബന്ധിച്ച ഭേദഗതി നിയമം. ഇത്തരം നിയമത്തിൽ തൊഴിലാളികൾക്കു ദ്രോഹം ചെയ്യുന്ന ചില വകുപ്പുകളുണ്ടായിരുന്നത് സെലക്ട് കമ്മിറ്റി പരിശോധിച്ച് ദ്രോഹപരമായ നടപടികൾ നിർത്തൽ ചെയ്യാനും ഒഴിവുദിവസങ്ങളിൽ, വിശേഷദിവസങ്ങളിൽ തൊഴിലാളികൾ നിർബന്ധമായി ജോലി ചെയ്യണമെന്നാവശ്യപ്പെടാനുള്ള വ്യവസ്ഥ ഭേദഗതി ചെയ്യുകയും ചെയ്തു. ഏതെങ്കിലും വ്യവസായ സ്ഥാപനം തൊഴിലാളിയെ അതിനു നിർബന്ധിക്കുകയാണെങ്കിൽ പകരം ശമ്പളംകൊടുത്തുകൊണ്ട് ഒഴിവുകൊടുക്കണമെന്നുള്ള വ്യവസ്ഥകൾ സ്വീകരിച്ചതോടുകൂടി ആ ദോഷങ്ങൾ ഇല്ലാതായി. ഏതായാലും വലിയ കാര്യങ്ങളൊന്നും ചെയ്തിട്ടില്ലെങ്കിൽകൂടി തൊഴിലാളിസംഘടനകളോടു കാർക്കശ്യമില്ലാത്ത, അവരുടെ ആനുകൂല്യങ്ങൾ നേടിക്കൊടുക്കാൻ സഹായകമായ ഒരു സമീപനമാണ് പ്രധാനമായും വേണ്ടത്. മുൻഗവൺമ്മെൻറിൻെറകാലത്ത് ലേബർ ഡിപ്പാർട്ടുമെൻറു ചില അഭിപ്രായങ്ങൾ ചോദ്യാവലിക്ക് നൽകുകയുണ്ടായി, യഥാർത്ഥത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നും വളരെയേറെ അപമാനം സഹിക്കേണ്ടിവരികയും ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത ഏറ്റവും പിൻതിരിപ്പനായ കാര്യങ്ങൾ പറയുകയും പറയാൻ മടിക്കുന്ന ചില അഭിപ്രായങ്ങൾ പറയുകയുമാണ് ആ ചോദ്യാവലിക്ക് ഈ സംസ്ഥാന ഗവൺമ്മെൻറിൽനിന്നും ചെയ്തത്. ഇതു ഞാൻ പറയുന്നതു ബഹുമാനപ്പെട്ട പരേതനായ മത്തായിമാഞ്ഞൂരാനോടുള്ള യാതൊരു സ്നേഹക്കുറവും കൊണ്ടല്ല. അന്നത്തെ ഡിപ്പാർട്ടുമെൻറ് അതു ചെയ്തുപോയി. അതിലൊരു പ്രധാനപ്പെട്ട നിർദ്ദേശമുണ്ടായിരുന്നത് സ്ത്രീത്തൊഴിലാളികളെ ഇനി ജോലിക്കെടുക്കേണ്ട എന്നാണ്. അഭ്യസ്തവിദ്യരായ പുരുഷൻമാർ ജോലിയില്ലാതെ നിൽക്കുന്ന അവസരത്തിൽ സ്ത്രീതൊഴിലാളികളെ കൂടുതൽ നിയമിക്കേണ്ട എന്ന നിർദ്ദേശംതന്നെ പറയുകയുണ്ടായി. സർ, ഇന്നു പല സംസ്ഥാനങ്ങളിലും സ്ത്രീതൊഴിലാളികളെ ജോലിചെയ്യുന്നതിൽനിന്നു നിരുൽസാഹപ്പെടുത്തുന്ന പല നടപടികളും നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് വിവാഹിതരാണെങ്കിൽ ജോലി നിഷേധിക്കുന്ന പല സാഹചര്യങ്ങളും ബോംബെയിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പല സംസ്ഥാനങ്ങളിലും ഉണ്ട്. ഇത്തരം എല്ലാ പിൻതിരിപ്പൻ ശക്തികൾക്കും പ്രേരകമായ ഒരു നിലപാടാണ് മുൻഗവൺമെന്റ് എടുത്തിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ തന്നെ തൊഴിലാളികളെ ആവേശം കൊള്ളിക്കുന്ന ചില പരിഷ്ക്കാരങ്ങളുണ്ടായി. ഇതിലൊന്ന് ഗ്രാറ്റുവിറ്റി ഓർഡിനൻസായിരുന്നു. ഈ അധികാരത്തിൽവന്ന ഉടൻതന്നെ ഇത്തരം പല ഓർഡിനൻസുകളും കൊണ്ടുവരാനുദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഡിസംബർ ഒന്നാംതീയതി ഗ്രാറ്റുവിറ്റി ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തി. ഇപ്പോഴും അനേകം ബില്ലുകളും പാസ്സാക്കിക്കഴിഞ്ഞു. തൊഴിലാളികളെ അംഗീകരിക്കുന്ന ഒരു നിയമം ഞാനിവിടെ അവതരിപ്പിക്കുകയുണ്ടായി. അനൗദ്യോഗിക പ്രമേയങ്ങളുടെ കൂട്ടത്തിൽ അതും ചർച്ചയ്ക്കെടുക്കുമായിരുന്നു. നിർഭാഗ്യവശാൽ ആ ഐറ്റം മാറ്റിവച്ചു. ട്രേഡ് യൂണിയനുകളെ അംഗീകരിക്കുകയെന്നുള്ളതാണത്. അതു സാമ്പത്തിക ബാധ്യതയില്ലാത്തതാണ്. ആ നിയമവും ഈ ഗവൺമെന്റുതന്നെ പ്രാബല്യത്തിൽ കൊണ്ടുവരാൻ നടപടി എടുക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. എനിക്കിപ്പോഴും അഭ്യർത്ഥിക്കുവനുള്ളത് ഗവൺമെന്റ് ആ നിയമം ഓർഡിനൻസായിത്തന്നെ ഉടനടി കൊണ്ടുവരാൻ ശ്രമിക്കണമെന്നാണ്.

അതുപോലെതന്നെ ഇപ്പോഴും ഇവിടെ അവതരിപ്പിച്ച് ചർച്ചക്കെടുത്തിട്ടുള്ള നിയമത്തിൽ രണ്ടുവാക്കേ പറയുന്നുള്ളു. നിലവിലുള്ള മെറേർണിറ്റി ബനിഫിറ്റ് ആക്ട് റദ്ദാക്കുന്നു എന്നു മാത്രമേ പറയുവാനുള്ളു. ചെറിയ ചെറിയ നിയമങ്ങളും കൊണ്ട് എന്തുമാത്രം മെച്ചമാണ് തൊഴിലാളികൾക്ക് ഉണ്ടാകാൻ പോകുന്നുതെന്നു നാം മനസ്സിലാക്കണം. 1960—ൽ എ.ഐ.ടി.യു.സി. കൂടുന്ന അവസരത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലെയും പ്രസവാനുകൂല്യ നിയമങ്ങളും മറ്റു നിയമങ്ങളും പരിശോധിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റ് ഒരു പ്രസവാനുകൂല്യ നിയമം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടെന്നു വിവരം കിട്ടി. അന്നത്തെ പാർലമെന്റു മെമ്പറായിരുന്ന ശ്രീ. കെ. ടി. കെ. തങ്കമണിയും മറ്റുംകൂടി എല്ലാ നിയമങ്ങളും പരിശോധിക്കുകയുണ്ടായി.

10 a.m.] അന്നത്തെ ഏറ്റവും നല്ല നിയമമായിരുന്നു സഖാവു ടി.വി. തോമസ് കൊണ്ടുവന്ന 1957—ലെ പ്രസവാനുകൂല്യനിയമം. അതിനുമുമ്പ് 44—45 കാലത്ത് സർ. സി. പി. യുടെ ഭരണകാലത്ത് തന്നെ ഇവിടെ ഒരു പ്രസവകാലാനുകൂല്യ നിയമംകൊണ്ടുവന്നു. ഒരു തൊഴിലാളി പ്രതിനിധിയെന്നുള്ളനിലയിൽ ശ്രീമാൻ ടി.വി. കൊണ്ടുവന്നതായിരുന്നു അതും. നല്ല നിലയിലുള്ള പ്രസവകാലാനുകൂല്യംതൊഴിലാളികൾക്ക് ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി 1960-ൽ എ.ഐ.ടി.യു.സി.യുടെ ഒരുവിഭാഗം മറ്റു സംസ്ഥാനങ്ങളിലെ നിയമങ്ങളെല്ലാം പരിശോധിച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ ഒരു കരടു നിർദ്ദേശത്തിനു രൂപംകൊടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് 61 ലെ കേന്ദ്ര നിയമം വന്നത്. ഇതിനു മുമ്പുതന്നെ കേരള ഗവൺമെന്റിനു വളരെ വേഗം ഒരു കാര്യം ചെയ്യാമായിരുന്നു. നിലവിലുള്ള ആക്ട് റദ്ദാക്കുക, റദ്ദാക്കുമ്പോൾ കേന്ദ്രനിയമത്തിന്റെ ആനുകൂല്യം ലഭിക്കും. നമ്മുടെ സംസ്ഥാനത്തിലുള്ള വ്യവസായകേന്ദ്രങ്ങളെല്ലാം ഇ. എസ്. ഐ. സ്കീമിൽ പ്പെടുത്തിയിട്ടുള്ളതു കൊണ്ട് മുതലാളിമാർക്ക് പ്രത്യേക സാമ്പത്തികബാധ്യത വരുന്നതല്ല. ഇ. എസ്. ഐ. സ്കീം ബാധകമായ വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രസവകാലാനുകൂല്യം കൊടുക്കുന്നത് ഇ. ഐസ്. ഐ. സ്കീമിൽ നിന്നുമായതുകൊണ്ട് പ്രത്യേക ബാധ്യത മുതലാളിമാർക്കോ തൊഴിലാളികൾക്കോ ഇല്ലാതെതന്നെ കേന്ദ്രനിയമം നടപ്പാക്കുന്നതൊടൊപ്പം ഇവിടത്തെ തൊഴിലാളികൾക്ക് കിട്ടും. സ്കീമില്ലാത്ത സ്ഥലങ്ങളിൽ വ്യവസായ ഉടമകൾതന്നെ കൊടുക്കേണ്ടിവന്നാൽ വെറും ഒരു മാസത്തെ ശമ്പളം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതു. പ്രസവത്തിനു മുമ്പും പിമ്പുമായി മൂന്നുമാസത്തെ കൂലി തൊഴിലാളി കൾക്കു കിട്ടണമെന്നുള്ളതാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. ഇതുപോ ലെതന്നെ പ്രസവ സമയങ്ങളിൽ മെഡിക്കൽ ആനുകൂല്യം തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടി സൗജന്യവൈദ്യസഹായമെന്നുള്ളനിലയിൽ മെഡിക്കൽ ബോണസ് ഇതിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ കേരളത്തിലെ തൊഴി ലാളികളെ സംബന്ധിച്ചിടത്തോളം മുമ്പുണ്ടായിരുന്ന നിയമം റദ്ദാക്കിക്കൊണ്ട് കേന്ദ്രനിയമം നടപ്പാക്കുന്നതോടുകൂടി വളരെയധികം പ്രയോജനം ലഭിക്കുന്ന താണ്. ഇതുപോലുള്ള നടപടികൾ ജനങ്ങളുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ സമീപനത്തിൽത്തന്നെ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. സംഘടനകളെ അംഗീകരിക്കുക, ഭിന്നിപ്പി ക്കാതിരിക്കുക, ഭരണാധികാരം ഉപയോഗിച്ചുകൊണ്ട് മറ്റുള്ള സംഘടനകളെ ഭിന്നിപ്പിക്കാതിരിക്കുക, ഇതിനെല്ലാം എതിരായ ഒരു നിലപാടായിരുന്നു മുമ്പു ണ്ടായിരുന്ന ഗവൺമെന്റു സ്വീകരിച്ചിരുന്നത്. ഇതിനെല്ലാം വ്യത്യസ്തമായ ഒരു നിലപാടു സ്വീകരിച്ചുകൊണ്ടു മറ്റു ബാധ്യതകളൊന്നുമില്ലാതെ ഇവിടെ വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ നമുക്കു സാധിച്ചു. അതിന്റെ ഒരു ചെറിയ ഉദാഹരണമാണ് ഈ നിയമം. ഈ നിയമത്തെ സ്വാഗതം ചെയ്യുന്ന തോടൊപ്പം യാതൊരു ഭേദഗതിയും കൂടാതെ അതു പാസ്സാക്കണമെന്നുള്ള അഭിപ്രായവും എനിക്കുണ്ട്. ഇതിനാവശ്യമായ ചട്ടങ്ങൾ സംസ്ഥാന ഗവൺ മെൻറിനുവേണമെങ്കിൽ ഉണ്ടാക്കാം. അല്ലെങ്കിൽ കേന്ദ്രചട്ടങ്ങൾതന്നെ ഉപ യോഗിക്കുകയും ചെയ്യാം. ഏതായിരുന്നാലും ആ ചട്ടങ്ങൾ സാധാരണക്കാർക്ക് വായിച്ചാൽ മനസ്സിലാകുന്ന ഭാഷയിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തണം. അങ്ങനെ തൊഴിലാളികൾക്കു മനസ്സിലാകുന്ന ഭാഷയിൽ ഇതു പ്രസിദ്ധ പ്പെടുത്തി തൊഴിലാളികളെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്: സർ, എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കു ന്നില്ല. കേന്ദ്രനിയമത്തിലെ ആനുകൂല്യങ്ങൾ ഇവിടെ ഫാക്ടറിയിലും മറ്റും ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കു നൽകിക്കൊണ്ട് കൊണ്ടു വന്നിട്ടുള്ള ഈ ബില്ലിനെ സ്വാഗതംചെയ്യുകയാണ്. 1965 മുതൽ ഈ നിയമം നടപ്പാക്കണമെന്നുള്ള നിർദ്ദേശം ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും മറ്റും കിട്ടിയിരുന്നുവെന്നു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് അങ്ങനെ മെച്ചപ്പെട്ട ഒരു കേന്ദ്രനിയമം ഉണ്ടായിരുന്നിട്ടും അതു നട പ്പാക്കണമെന്നുള്ളനിർദ്ദേശം കഴിഞ്ഞ 65 മുതൽ നാലുവർഷക്കാലമായി നില വിലുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് ഈ നിയമം നടപ്പാക്കാതെ പോയതെന്നു ഞാൻ ശങ്കിക്കുകയാണ് സർ. എല്ലാകാര്യങ്ങളിലും കേന്ദ്രഗവൺമെൻറ് തെറ്റാണു ചെയ്യുന്നതെന്നു വിധികൽപ്പിക്കുന്ന പ്രവണത കാണിച്ചിരുന്ന ആ ഒരു ഗവൺമെൻറിനു ഈ കേന്ദ്രഗവൺമെൻറ് ചെയ്യുന്ന നല്ല കാര്യങ്ങ ളെങ്കിലും താമസംവരുത്താതെകണ്ടു ചെയ്യാൻ കഴിയാതെ പോയല്ലോ എന്ന് ഞാൻ ഈ അവസരത്തിൽ ഓർത്തു പോവുകയാണ്. സർ, നമ്മുടെ സംസ്ഥാന ത്തിന്റെ പ്രത്യേക സ്ഥിതി കണക്കിലെടുക്കുകയാണെങ്കിൽ മറ്റു സംസ്ഥാന ങ്ങളെ അപേക്ഷിച്ച് ജോലി കുറവാണ് എന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെ ഇരിക്കെ അവരെ സംബന്ധിച്ചിടത്തോളമുള്ള ആനുകൂല്യങ്ങൾ കൂടു തൽ വേഗം നടപ്പാക്കുന്നതു തീർച്ചയായിട്ടും എല്ലാഭാഗത്തുനിന്നും സ്വാഗതം ചെയ്യുന്ന ഒരു സംഗതിയാണ്. അത് ഒറ്റ നോട്ടത്തിൽ ഒരു പക്ഷേ കുടുംബാ സൂത്രണ പദ്ധതിക്ക് എതിരായിട്ടുള്ള ഒരു സംഗതിയാണോ എന്നു ചിന്തിച്ചു പോകുമെങ്കിലും അങ്ങനെയല്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കുട്ടി കളുടെ എണ്ണം പരിമിതപ്പെടുത്തുകയെന്നുള്ള മുറവിളി ഒരു ഭാഗത്തു നടക്കുന്ന തോടൊപ്പംതന്നെ പരിമിതമായ പ്രസവത്തെ സംബന്ധിച്ചിടത്തോളം പരി

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണസംരക്ഷണം നൽകുന്നതിനുള്ള എല്ലാ സഹായവും ആരോഗ്യകരമായ ഒരു പശ്ചാത്തലത്തിൽ അതു നടത്തുന്നതിനുള്ള ഒരു സൗകര്യവും സൃഷ്ടിച്ചുകൊടുക്കുകയെന്നുള്ളതാണ് ഒരു ഗവൺമെൻറിൻെറ ഏറ്റവും പ്രധാനപ്പെട്ട ചുമതലയെന്നു ഞാൻ കണക്കാക്കുകയാണ്. അതു പറയുമ്പോൾ ഒരു കാര്യംകൂടി ഓർക്കുകയാണ്. നമ്മുടെ ഇൻഡ്യ സ്വതന്ത്രയായതിനുശേഷം ഇൻഡ്യയിലുണ്ടായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവവികാസമെന്നുവേണമെങ്കിൽ പറയാവുന്ന ഒരു സംഗതി നമ്മുടെ ഈ രാജ്യത്തുണ്ടായിട്ടുള്ളത് പുരുഷായുസ്സിൻെറ, മനുഷ്യായുസിൻെറ ശരാശരി വർദ്ധനവാണ്. ഏതാണ്ട് 1947-ൽ ഉണ്ടായിരുന്ന ഇൻഡ്യയിലെ ശരാശരി പുരുഷായുസ്സ് മനുഷ്യായുസ്സിൻെറ ഇരട്ടിയായി. നമ്മുടെ ആയുസ്സിൻെറ ദൈർഘ്യം വർധിപ്പിക്കാൻ സ്വതന്ത്ര ഇൻഡ്യയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ള സംഗതി ഈ പശ്ചാത്തലത്തിൽ ഞാനോർക്കുകയാണ്. അങ്ങനെ ഒരു രാജ്യത്തിൻെറ പുരോഗതിയെ വിലയിരുത്തുന്ന അവസരത്തിൽ പരമപ്രധാനമായ ഒരു സംഗതിയും അതുതന്നെയാണ്. എന്നാൽ നമ്മുടെ പുരോഗതി തെളിയിക്കുന്ന പ്രധാനഘടകങ്ങളിൽ ഒന്നായിട്ട് ഞാൻ കാണുന്നത് Maternity and child welfare schemes എന്നു പറയുന്ന രണ്ടു സംഗതികളാണ്. പ്രസവകാലംകൊണ്ടുള്ള മരണവും പ്രസവത്തോടനുബന്ധിച്ചുള്ള രോഗവും വളരെ കാര്യക്ഷമമായും സുശക്തമായും തടയാൻ നമുക്കു സാധിച്ചതും കൊച്ചുകുട്ടികളുടെ മരണം തടയാൻ സാധിച്ചതും ഇൻഡ്യയിലെ ജനങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കാൻ പ്രേരകമായ രണ്ടു ഘടകങ്ങളാണ്. ഇതിൽ ഒരു ഘടകം ഉൾക്കൊള്ളുന്ന പ്രസവസംരക്ഷണത്തെസംബന്ധിച്ചിടത്തോളം അബാർഷനുണ്ടാകുന്ന കാലഘട്ടത്തിൽ കൂടുതൽ അവധി നൽകുന്നതിനും കൂടുതൽ ലീവ് ശമ്പളത്തോടുകൂടി കൊടുക്കുന്നതിനും പ്രത്യേകിച്ചും തൊഴിലാളിവിഭാഗത്തിൽ സാമ്പത്തികമായി വേദനയനുഭവിക്കുന്ന സ്ത്രീകളെ പ്രബുദ്ധരാക്കുന്ന ഈ നിയമം തീർച്ചയായും ഇതിനുമുമ്പുതന്നെ നടപ്പാക്കേണ്ടതായിരുന്നു എന്ന അഭിപ്രായംമാത്രമാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇത്ര വൈകിയിട്ടാണെങ്കിലും ഈ കേന്ദ്രനിയമം നടപ്പാക്കുന്നതിന് ഈ ഗവൺമെൻറ് സ്വീകരിച്ച നടപടിയെ സർവ്വാത്മനാ സ്വാഗതംചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കരുണാകരൻ:</u> സർ, ഈ ബില്ലിനെ ഞാൻ സ്വാഗതംചെയ്യുകയാണ്. അതേയവസരത്തിൽ തൊഴിൽ നിയമങ്ങളെ പൊതുവേ എടുത്തു നോക്കിയാൽ സ്റ്റേറ്റിലായാലും കേന്ദ്രത്തിലായാലും വളരെയധികം മുന്നണിയിൽ നിന്ന ഒരു സ്റ്റേറ്റാണ് നമ്മുടേത്. ഈ മെറേണിറ്റി ബെനിഫിറ്റ് ആക്ടിൻെറതന്നെ കഴിഞ്ഞകാലചരിത്രം പരിശോധിച്ചാൽ ഇൻഡ്യയിൽവച്ച് ഏറ്റവും കൂടുതൽ പ്രസവാനുകൂല്യം നൽകുന്നതായ ഒരു നിയമം തിരുവിതാംകൂർ കൊച്ചി നിയമസഭ ആയിരുന്നപ്പോഴാണ് ഇവിടെ നടപ്പാക്കിയത് എന്നു മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ടി. വി. തോമസ് അന്ന് പ്രതിപക്ഷ നേതാവായിരുന്ന അവസരത്തിൽ ഞങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ളതായ ഒരു സെലക്ടുകമ്മിറ്റിയാണ് വളരെ പുരോഗമനപരമായിട്ടുള്ള എല്ലാ വ്യവസ്ഥകളും ഈ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുപോലെ മിനിമംവേജസ് നിശ്ചയിക്കുന്ന കാര്യത്തിലാണെങ്കിലുംശരി മറ്റു തൊഴിൽ നിയമങ്ങളുണ്ടാക്കുന്ന കാര്യത്തിലാണെങ്കിലുംശരി വളരെ മുന്നണിയിൽ നിൽക്കുന്ന സ്റ്റേറ്റാണ് നമ്മുടേത്. കൂലി നിശ്ചയിക്കുന്ന കാര്യത്തിലും അതുപോലുള്ള മറ്റു രംഗങ്ങളിലും ഉണ്ടായിട്ടുള്ള പുരോഗതി കണക്കിലെടുക്കുമ്പോൾ പ്രസവാനുകൂല്യത്തെസംബന്ധിച്ചിടത്തോളം കേന്ദ്രനിയമം നടപ്പാക്കുന്നകാര്യത്തിൽ നാം വൈകിപ്പോയി എന്നുള്ളത് നിർഭാഗ്യകരമായിട്ടുള്ള ഒരു സംഗതിയാണ്. ഒരു പക്ഷേ ഇതിനുമുമ്പ് ഇവിടെ അധികാരത്തിലിരുന്ന മുന്നണിയിലെ മുൻഗവൺമെൻറ്, 32 മാസക്കാലം ഇവിടെ ഭരിച്ച ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് ഇതു ചെയ്യാതിരുന്നതെന്താണെന്ന് ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. കേന്ദ്രനിയമം സ്റേറാറിനു ബാധകമാക്കിയാൽ അതു കേന്ദ്രത്തിലിരിക്കുന്ന ഗവൺമെൻറിൻെറ വർഗ്ഗസ്വഭാവത്തെ അംഗീകരിക്കുന്നതാണെന്നും അത് റിവിഷനിസ്റ് ചിന്താഗതിയാണെന്നും അവർ ധരിച്ചിരുന്നു എന്ന് ഞാൻ സംശയിച്ചുപോയി. ഈ നിയമം നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന ഈ ഗവൺമെൻറിനെയും വേണമെങ്കിൽ നമ്മുടെ മാർക്സിസ്റു സ്നേഹിതൻമാർ റിവിഷനിസ്റുകാരെന്നു പറയും. തൊഴിലാളികൾക്ക് ഗുണകരമാണെങ്കിൽപ്പോലും യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി കാണുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന ആളുകളെ റിവിഷനിസ്റുകളായി കാണുന്ന ഒരു യുഗമാണല്ലോ ഇത്. അതുകൊണ്ട് ഈ നിയമം നടപ്പാക്കുന്ന അവസരത്തിൽ ഒരു പക്ഷേ ആക്ഷേപത്തിന് വിധേയരാകേണ്ടിവന്നാൽ പോലും തൊഴിലാളിവർഗ്ഗത്തിൻെറ താൽപ്പര്യത്തെ ഓർത്ത് ഇങ്ങനെ ഒരു നിലപാടു സ്വീകരിച്ചു എന്നുള്ളത് വളരെ സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്.

സർ, ഈ നിയമത്തിൽത്തന്നെ, സെൻട്രൽ ആക്ടിൽത്തന്നെ നമ്മുടെ സ്റേറ റിൻെറ ചില പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ചില മാറ്റങ്ങളെല്ലാം വരുത്തേണ്ടതായിട്ടുണ്ട്. അതായത് കേന്ദ്രനിയമം പൊതുവായ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥകളാണ്. എല്ലാ വകുപ്പുകളും അതിന് അനുകൂലമായിട്ടുള്ളതാണ്. ഈ പ്രത്യേകത കണക്കിലെടുത്ത് കേരളത്തിലെ മെറേറണിറി ബെനിഫിറ് നിയമങ്ങളുംകൂടി പരിശോധിച്ച് അടുത്തഭാവിയിൽത്തന്നെ ആവശ്യമായ ഭേദഗതികളും കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമെന്നുള്ള കാര്യത്തിൽ എനിക്ക് അശേഷം സംശയമില്ല. വളരെ ചുരുങ്ങിയ കാലംകൊണ്ടുതന്നെ തൊഴിലാളികളുടെ നീറുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ ഈ ഗവൺമെൻറിനു സാധിച്ചിട്ടുണ്ടെന്ന് തുറന്നു സമ്മതിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പ്രസവാനുകൂല്യത്തെസംബന്ധിച്ചിടത്തോളം പ്രസവകാല ചികിൽസയെസംബന്ധിച്ചുമൊക്കെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ന് മിക്ക വ്യവസായികളും ഇത് ഒരു ഭാരമാണെന്നുള്ളനിലയിൽ സ്ത്രീ തൊഴിലാളികളെ നിയമിക്കാൻതന്നെ വൈമുഖ്യംകാണിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അവർ ബുദ്ധിപൂർവ്വകമായിചെയ്യുന്ന ഒരു കാര്യമല്ല അത്. പ്രസവകാലാനുകൂല്യം കൊടുക്കണമെന്നുള്ള ഒരു കാര്യത്തെ മുൻനിറുത്തി സ്ത്രീ തൊഴിലാളികളെ ഒഴിവാക്കാൻ ശ്രമിക്കുന്നത് അവരെ ഏൽപ്പിക്കുന്ന ജോലി കാര്യക്ഷമമായും കൃത്യമായും അവർചെയ്യുമെന്നുള്ളതു അറിഞ്ഞുകൂടാത്തതുകൊണ്ടാണ്. സ്ത്രീ തൊഴിലാളികളെയും മററു പുരുഷൻമാരായ തൊഴിലാളികളെയും എടുത്ത് നോക്കുകയാണെങ്കിൽ ജോലിയെ സംബന്ധിച്ചിടത്തോളം കൂറുള്ളത് സ്ത്രീ തൊഴിലാളികൾക്കാണെന്നു കാണാൻ സാധിക്കും. സ്ത്രീ തൊഴിലാളികൾ വളരെ സത്യസന്ധമായി പ്രവർത്തിക്കുമെന്നുള്ളതുകൊണ്ട് ഈ നിസ്സാര കാര്യത്തെ മുൻനിറുത്തി അവരോട് ഈ വിരോധ മനോഭാവം വച്ചു പുലർത്തേണ്ട യാതൊരു കാര്യവുമില്ല.

പ്ലാൻേറഷനിൽത്തന്നെ വളരെയധികം സ്ത്രീത്തൊഴിലാളികൾക്ക് തൊഴിൽ ചെയ്യത്തക്ക സാധ്യതയുണ്ട്. അവർക്ക് ചെയ്യാൻസാധിക്കുന്ന കാര്യങ്ങളാണ് അവിടെയുള്ളത്. ഈ കാരണത്താൽ ജോലിയിൽനിന്ന് ഒഴിവാക്കാനുള്ള ഒരു ശ്രമം നടന്നുകൊണ്ടിരിക്കുന്നു. അത് എങ്ങനെ തടയാൻകഴിയുമെന്നുള്ളത് ചിന്തിക്കേണ്ടകാര്യമാണ്. ഏതു വിഭാഗത്തിൽപ്പെട്ട ആളുകളെ നിയമിക്കണമെന്നുള്ള കാര്യമായാലും വ്യവസായികളെസംബന്ധിച്ചിടത്തോളം ഇന്ന് അവകാശമുണ്ട്. എന്നിരുന്നാൽത്തന്നെയും സ്ത്രീത്തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിന് ഒരിക്കലും ഇത്തരം നിയമങ്ങൾ തടസ്സമായി നിൽക്കരുത്. മാനുഷികമായ നിലയിൽ പരിശോധിച്ചാൽ ഇതു വളരെ പ്രാധാന്യമർഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണെന്നു കാണാൻസാധിക്കും. പഴയ കാലത്തു മെറേണിറ്റി ബെനിഫിറ്റ് കിട്ടുന്നതിനു നിയമം ഉണ്ടാക്കുന്നതിനുവേണ്ടി ഡിമാൻറുകൾ കൊണ്ടുവന്നപ്പോൾ വളരെ പരിഹാസ്യമായി പറഞ്ഞിട്ടുണ്ട് ''ഇപ്പോൾ ചെലവിനുകൂടി കൊടുക്കണമോ എന്ന്''. ഈനിയമത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ 1931–ലെ കറാച്ചി പ്രമേയത്തിലെ ഏറ്റവും പ്രധാനമായ ഭാഗം സ്ത്രീകൾക്കുള്ള പ്രസവകാലാനുകൂല്യമായിരുന്നു. ഇൻഡ്യയിൽ എല്ലാ രാഷ്ട്രീയപാർട്ടികളും എല്ലാ ചിന്താഗതിക്കാരും ഏറ്റവും പ്രധാന്യമർഹിക്കുന്ന ഈ നിയമനിർമ്മാണത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഏതായാലും കേന്ദ്രനിയമത്തിലെ ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്ന വ്യവസ്ഥ ബാധിക്കുമാറ് സ്റ്റേറ്റിലെ നിയമം റദ്ദു ചെയ്തുകൊണ്ട് കേന്ദ്രനിയമം ബാധകമാക്കാൻ തീരുമാനിച്ചതു ഉചിതമായിട്ടുണ്ട്. ഇതിനാവശ്യമായ ഭേദഗതികൾ പരിശോധിച്ചുകൊണ്ടുവരാൻ തൊഴിൽ കാര്യമന്ത്രി മുൻകൈയെടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഇതിനെ സർവ്വാത്മനാ പിൻതാങ്ങുന്നു.

ശ്രീ. എൻ. കണപതി: സർ, ഇന്ത മെട്ടർണിറ്റി പിൽ കാലതാമതത്തുടൻ സമർപ്പിക്കപ്പട്ടതൈ എതിർത്തുക്കൊണ്ടും മുൻ സലുകയുടൻ പാസാക്കുവതൈ ആതരിത്തുക്കൊണ്ടു സില വാർത്തൈകൾ പേച നാൻ വിരുമ്പുകിറേൻ. ഇന്ത സപൈയിൽ എനക്കു മുൻപു പല മെമ്പർകളുമ് ഇതൈപ്പറ്റി വിളക്കമാക എടുത്തുക് കൂറിനാർകൾ. അതനാൽ കൂടുതൽ പേചവേണ്ടുമെന്റു നാൻ ആചൈപ്പടവില്ലൈ. മുക്കിയമാന ഒരിരു വിഷയത്തൈ എടുത്തുക്കൂറി മുടിത്തുക്കൊൾകിറേൻ.

സർ, സാതാരണമാക നമതു നാട്ടിൽ പെൺ തൊഴിലാളികളൈ വേലൈയിൽ അമർത്തുവതർകു പലരുമ് മുൻവരുവതില്ലൈ. ഏനെൻറാൽ അവർകളുക്കു പിരചവാവകാച ലീവു കൊടുക്കവേണ്ടി വരുമ്. പലരുമ് മറൈമുകമാക തൊഴിൽചാലൈകളിൽ ഊക്കമ് കൊടുപ്പതില്ലൈ. നമതു കേരളമ് ഇതർകെല്ലാമ് മുൻനണിയിൽ നിർകിറതു മറ്റു സമസ്താനങ്കളൈ വിട. ഇതിൽ സന്തേകമില്ലൈ. അടുത്തതാക പിളാൺടേഷൻ തൊഴിലാളികളുക്കു റിട്രാസ്പെക്ടിവ് എപക്ട് ഇവ്വിഷയത്തിൽ കൊടുപ്പതു മികമിക മുക്കിയമ്. അതൈ ഒരുപോതുമ് പുറക്കണിക്കക്കൂടാതു. അതൈ ഉടനടിയാകച് കൊൺടുവര വേൺടുമ്. എന്തക്കാരണമ് കൊൺടുമ് താമതപ്പടുത്തക്കൂടാതു. സർ, 1961 മുതൽ ഒൻപതു വരുഷ കാലമാക കാലതാമപ്പടുത്തി ഇന്തച് ചട്ടമ് കേരളത്തിറ്കു വരുകിറതു. മത്തിയ അരചാങ്കത്തിൽ ഏറ്പടുത്തിയതു നമതു കവർമെൺടുമ് കാലതാമതപ്പടുത്താമൽ ഇവ്വിഷയത്തിൽ ഉടനടി ഏറ്പാടു ചെയ്യ മുൻവന്തിരുക്കവേൺടുമ്. 1931-ൽ കരാച്ചിയിൽ വൈത്തുക്കൂടിയ തീർമാനത്തിൽ ഇവ്വിഷയമുമ് ഇടമ് പെറ്റതാകുമ് എൻപതൈ നിനൈവൂട്ടിക്കൊൾകിറേൻ.

അടുത്തപടിയാക സമ്പള വിഷയത്തൈ എടുത്തുക്കൊൺടാൽ മറ്റു സമസ്താനങ്കളൈ വിട മികവുമ് കുറൈവുതാൻ ഇങ്കു എൻപതൈച് സൊൽലാമലിരുക്ക മുടിയാതു. മൈസൂർ, ആന്തിരാ മുതലിയ സ്റ്റേറ്റുകളിൽ മുൻപു സമ്പളമ് കുറൈവാക ഇരുന്ത പോതിലുമ് ഇപ്പൊഴുതു ഒരേ നിലൈയിൽ വന്തുവിട്ടതു. മറ്റു സമസ്താനങ്കളൈ വിട നമതു കേരളമ് പിൻനണിയിൽ നിർകിറതു. സമയമിൻമൈയാൽ പേച്സൈച് കുരുക്കുകിറേൻ. നമതു ലേപർ മന്തിരി അവർകൾ ഇതൈയെല്ലാമ് കണക്കിൽ എടുത്തുക് കൊൺടു ഇന്ത പിൽലിൽ അതവതു 1961–ൽ സെൺട്രൽ ആക്ട് വന്ത കാലമ് മുതൽ റിട്രാസ്പെക്ട് എപക്ട് വൈത്തു കൊടുത്തു ഉടനടി പാസാക്ക വേൺടുമെൻറു കേട്ടുക്കൊൾകിറേൻ. ഇതൈ സെയ്യ കൺണൻ തേവൻ കമ്പെനി, മലൈയാളമ് പിളാൺടേഷൻ പോൻറ മുതലാളികളുക്കു തൊഴിലാളർ മന്തിരി അവർകൾ പയപ്പടക്കൂടാതു എൻറു കേട്ടുക്കൊൺടു എനതു തിരുത്തക് കോരിക്കൈയുടൻ ഇപ്പിൽലൈ പാസാക്ക ആതരിക്കിറേൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻനായർ: സർ, കേരളത്തിലെ ലക്ഷ്യക്കണക്കിനു സ്ത്രീതൊഴിലാളികൾക്ക് ആനുകൂല്യം അനുവദിക്കുന്ന ഈ നിയമനിർമ്മാണം കൊണ്ടുവന്ന ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രിക്കു സ്ത്രീകൾക്കുവേണ്ടി അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ സമർപ്പിക്കേണ്ട മെംബർ ഈ സഭയിലില്ല. അതിനാൽ ഞാൻ ആ കൃത്യം നിർവ്വഹിക്കുകയാണ്.....

ശ്രീ. കെ. കെ. കുമാരപിള്ള: വർഗ്ഗത്തിനു വേണ്ടി തീവ്രമായി വാദിക്കുകയല്ലേ?

ശ്രീ. ബി. മാധവൻനായർ: സർ, ഇന്നലെ നിയമസഭാനടപടികളുടെ അജണ്ടയിൽ ഈ ബിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ഇന്നലെ ഈ നിയമം പാസ്സാക്കി കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ, പ്രത്യേകിച്ചും സ്ത്രീത്തൊഴിലാളികൾക്കുവേണ്ടി കണ്ണുനീർപൊഴിക്കുന്ന, പലപ്പോഴും അവരെപ്പറ്റി പ്രസംഗിച്ചിട്ടുള്ള ശ്രീമതി കെ. ആർ. ഗൗരി ഈ നിയമം പാസ്സാക്കിയെടുക്കുന്നതിനുവേണ്ടി സ്വന്തം സഖാക്കളോട് മൗനമായി ഇരിക്കാൻ അഭ്യർത്ഥിക്കുന്നതിനുപകരം കേരളത്തിലെ സ്ത്രീകൾക്കുമുഴുവനും അപമാനമുണ്ടാക്കുന്ന വിധം അവർക്ക് ആകെ ലജ്ജ ഉണ്ടാകത്തക്കനിലയിൽ ഈ സഭയിൽ ചില നടപടികൾനടത്തുന്നതിനു നേതൃത്വം കൊടുത്തു സർ.

ശ്രീ. ആർ. എസ്. ഉണ്ണി: ഇന്നലെ അതുചെയ്തെങ്കിലും ഇന്ന് ബിൽ സുഗമമായി പാസാക്കിക്കൊള്ളട്ടെ എന്നു വിചാരിച്ചാണ് വരാതിരുന്നത്.

ശ്രീ. ബി. മാധവൻനായർ: അങ്ങനെ വിശ്വസിക്കാൻനിവൃത്തിയില്ല. അതുകൊണ്ടാണു പറയുന്നത്. ഇന്നലെ ഇതു പാസ്സാകാതിരിക്കുക ഇന്നു വരാതിരിക്കുക—അതു വേറെ കാര്യങ്ങൾകൊണ്ടായിരിക്കാം—ഇതെല്ലാംകൂടി ആകുമ്പോൾ ഇതു പസ്സാകരുതെന്നാണ് ഉദ്ദേശം എന്നുതോന്നും. അഞ്ചു മിനിട്ടുകൊണ്ടുപാസ്സാകുന്ന കാര്യമാണിത്. സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലാനുകൂല്യവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള ഈ നിയമം കഴിഞ്ഞ 32 മാസക്കാലം ഈ രാജ്യം ഭരിച്ചിരുന്ന അവസരത്തിൽ, നിയമസഭയിൽമാത്രമല്ല കൃാബിനിറ്റിന്റെ കൂടി ചുമതലവഹിച്ചിരുന്ന, മന്ത്രികൂടി ആയിരിക്കുമ്പോൾ വരാൻ അന്നത്തെ തൊഴിൽകാര്യമന്ത്രിയോടൊ മറ്റാരോടോ പറയാൻ കഴിയുമായിരുന്നു എന്ന വസ്തുത മനസ്സിലാക്കിയിട്ടുകൂടി അന്ന് ഈ നിയമം കൊണ്ടുവന്നില്ല. ഇപ്പോൾ ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നു എന്നുള്ളത് ഈ രാജ്യത്തിലെ തൊഴിലാളി വർഗ്ഗത്തോട് എത്രമാത്രം അനുകൂലമായ നിലപാടാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നതെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിലെ ജനങ്ങളെസംബന്ധിച്ച്, പ്രത്യേകിച്ചും തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് സന്തോഷാവഹമായ നിയമനിർമ്മാണങ്ങൾകൊണ്ടുവരുന്ന കാര്യത്തിൽ, അവരെ പുരോഗമനപരമായ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേർക്കുന്ന കാര്യത്തിൽ ഇന്നത്തെ മുന്നണിഗവൺമെൻറ് അനുമോദനം അർഹിക്കുന്നു.

സർ, എനിക്ക് ഈ അവസരത്തിൽ ഒരു കവിത ഓർമ്മവരികയാണ്:

''നാരികൾ നാരികൾ നാരകീയാഗ്നികൾ
വിശ്വവിപത്തിന്റെ നാരായവേരുകൾ'' എന്ന് ഒരു കവി പാടിയിട്ടുണ്ട്. ഞാൻ അതിൽ വിശ്വസിക്കുന്നില്ല. എനിക്കു സ്ത്രീകളെ വിശ്വാസമാണ്, സ്നേഹമാണ്, ബഹുമാനമാണ്. ഈ കവിതയുടെ ഉള്ളടക്കത്തിൽ ഞാൻ വിശ്വസിക്കുന്നില്ലെങ്കിലും ഇന്നലെ നടന്ന സംഭവങ്ങൾ ഓർക്കുമ്പോൾ, പ്രത്യേകിച്ചും ഗൗരിയമ്മ അതിനു നേതൃത്വംകൊടുത്തപ്പോൾ ഞാൻ ആ കവിതയിൽ സ്വല്പനേരം വിശ്വസിച്ചുപോയി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു ചോദ്യം.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ഇത് സ്ത്രീകളെപ്പറ്റിയുള്ള ചർച്ചയല്ല. ബില്ലിനെപ്പറ്റിയുള്ള ചർച്ചയാണ്.

ശ്രീ. ബി. മാധവൻനായർ: സർ, ഞാൻ പറഞ്ഞല്ലോ. ആ കവിതയുടെ അർത്ഥത്തോടോ കവിതയോടോ എനിക്കു കൂറില്ല. പക്ഷേ ഇന്നലെ ആ കവിയുടെ ഉദ്ദേശത്തെ ശരിയായും ഞാൻ മനസ്സിലാക്കി. കേരളത്തിലെ സ്ത്രീകളെ അഭിവൃദ്ധിപ്പെടുത്തേണ്ട ഒരു വനിതാമെംബർ നമ്മുടെ നിയമസഭയിൽ ഉണ്ടായിരുന്നു. അവർ ഇന്നിവിടെ ഇല്ലാത്തതു നിർഭാഗ്യകരമായിപ്പോയി എന്നു പറയാനാണു ഞാൻ ഇതു പറഞ്ഞത്.

സർ, ഈ ബില്ലിൽ ഇപ്പോഴും നമ്മുടെ സംസ്ഥാനത്തു നിലവിലിരിക്കുന്ന നിയമമനുസരിച്ചുതന്നെ സ്ത്രീകൾക്കുള്ള ആനുകൂല്യത്തിന്റെ ഇരട്ടി ആനുകൂല്യങ്ങളും നൽകുന്നതിനാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. നമ്മുടെ കശുഅണ്ടി ഫാക്ടറികളിലും തേയിലത്തോട്ടങ്ങളിലും മറ്റു പ്ലാന്റേഷൻ തോട്ടങ്ങളിലും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തോട്ടങ്ങളിലും പണിയെടുത്തുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിനു സ്ത്രീതൊഴിലാളികൾക്ക് ഇപ്പോഴുള്ള ആനുകൂല്യത്തിന്റെ ഇരട്ടി ആനുകൂല്യം അനുവദിക്കുന്ന ഈ നിയമം അവതരിപ്പിച്ച ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. തൊഴിലാളിവർഗ്ഗത്തോടുള്ള കൂറ് എന്നുള്ള നിലയിൽ ഈ നടപടിയെ കാണാൻ കേരളത്തിലെ ജനങ്ങൾ മുന്നോട്ടുവരുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിനു വേണ്ടി കണ്ണുനീർപൊഴിക്കുകയും പ്രസംഗിക്കുകയും നിയമസഭയിൽ തൊഴിലാളിവർഗ്ഗത്തിന്റെ പേരുപറഞ്ഞുകൊണ്ടുമാത്രം തൊഴിലാളികളെ ദ്രോഹിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയിലെ എം.എൽ.എ. മാരും നേതാക്കൻമാരും ഉപനേതാവായ ശ്രീമതി ഗൗരിയും കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിനെതിരായി, ഈ നിയമനിർമ്മാണം പാസ്സാക്കാതിരിക്കുന്നതിനുവേണ്ടി ഇന്നലെ ഈ നിയമസഭയിൽ നടത്തിയ വ്യത്തിഹീനമായ, അന്തസ്സാരശൂന്യമായ പ്രവൃത്തികളെ ജനസഞ്ചയം കണ്ണുതുറന്നു കാണുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഈ ബിൽ ഇത്രയും എളുപ്പത്തിൽ പാസ്സാക്കുകയും ഈ നാട്ടിലെ സ്ത്രീതൊഴിലാളികൾക്കു ഗുണം ലഭിക്കുന്നതിനു പറ്റിയ അവസരമുണ്ടാക്കുന്നതിന് ഈ ബിൽ അവതരിപ്പിക്കുകയുംചെയ്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. സർ, എന്നെ സംബന്ധിച്ചിടത്തോളം ഇത് ആരു കൊണ്ടുവരുന്നു എന്നുള്ളതല്ല ഒരു പ്രശ്നമല്ല; ഇത്തരത്തിലുള്ള കാര്യങ്ങൾ ആരു കൊണ്ടുവന്നിരുന്നാലും ആ കാര്യങ്ങളെ അനുകൂലിക്കുകയും അതിനെ പ്രോൽസാഹിപ്പിക്കുകയും അതു നടപ്പിൽവരുത്തുന്നതിനാവശ്യമായവിധത്തിൽ പ്രവർത്തിക്കുകയും ചെയ്യുക എന്നുള്ളതാണ്. സ്ത്രീകളുടെ പ്രസവകാലാനുകൂല്യത്തെസംബന്ധിച്ച് പറയുമ്പോൾ പാസ്തവത്തിൽ കഴിഞ്ഞകാലങ്ങളിൽ അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെസംബന്ധിച്ചിടത്തോളം ഈയവസരത്തിൽ ഞാൻ അതിനെക്കുറിച്ചു പ്രത്യേകം പ്രതിപാദിക്കണമെന്നാഗ്രഹിക്കുന്നില്ല. ഈ പ്രസവകാലാനുകൂല്യം അവരെസംബന്ധിച്ചിടത്തോളം മതിയായ ആനുകൂല്യം ആണെന്നും എനിക്കു വിശ്വാസമില്ല. പക്ഷേ ഇന്നു നിലവിലുള്ള ആനുകൂല്യങ്ങളെ അപേക്ഷിച്ച് കൂടുതൽ ആനുകൂല്യം നൽകുന്ന വിധത്തിലുള്ള ഇത്തരത്തിലുള്ള നിയമനിർമ്മാണം നിശ്ചയമായും നമ്മുടെ നാട്ടിൽ വളരെയധികം ആവശ്യമായിരിക്കുകയാണ്. മാത്രമല്ല എത്രയും എളുപ്പത്തിൽ ഈ നാട്ടിൽ അടിയന്തിരമായി പ്രവർത്തിക്കേണ്ടതുണ്ട്. ബില്ലിനെസംബന്ധിച്ച് പറയുമ്പോഴും, ഇത് അവതരിപ്പിക്കുന്നതിലും പാസ്സാക്കുന്നതിലും ഉണ്ടായിട്ടുള്ള കാലതാമസത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഇവിടെ വളരെ ശക്തിയായ പരാമർശങ്ങളും ഉണ്ടായി. എല്ലാ കാര്യങ്ങളിലും ഈ ഗവൺമെന്റ് തൊഴിലാളികൾക്ക് അനുകൂല്യങ്ങളും ചെയ്തുകഴിഞ്ഞു എന്ന് എന്റെ സ്നേഹിതൻ മാധവൻനായർ പറഞ്ഞു. തൊഴിലാളികൾക്ക് ചെയ്തിട്ടുള്ള അനുകൂല്യങ്ങളോട് വളരെയധികം നന്ദിയുള്ളവനാണ് ഞാൻ. ഗ്രാറ്റുവിറ്റി ബിൽ കൊണ്ടുവന്നപ്പോഴും ഏറ്റവും കൂടുതൽ സന്തോഷിച്ചവനാണ് ഞാൻ. സർ, ഞാൻ രാജസ്ഥാനിൽ സർക്കീട്ടിലായിരുന്ന അവസരത്തിൽ അന്നു ഞാൻ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളും സ്വാഗതാർഹമാണെന്നു പറയുകയുണ്ടായി. അക്കാര്യത്തെസംബന്ധിച്ചിടത്തോളം ഞാൻ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല. സർ, ഒരു വാക്കുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതായത് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ കാര്യം. അവർ അവിഹിതമായ മാർഗ്ഗത്തിൽക്കൂടിയാണ് ജോലി സമ്പാദിച്ചത് എന്നു കരുതുക. തെറ്റായ മാർഗ്ഗത്തിൽക്കൂടിയാണ് ജോലി സമ്പാദിക്കാൻ സാധിച്ചത് എന്നു വിചാരിക്കുക. പക്ഷേ ഒരു പ്രാവശ്യമെങ്കിലും തൊഴിലാളിയായിപ്പോയാൽ തൊഴിലാളിയാണ് എന്നുള്ള നിലയിലുള്ള മാനദണ്ഡവും പുലർത്തണം.

ശ്രീ. സി. എം. കുട്ടി: പ്രസവിക്കുന്ന തൊഴിലാളികളും ട്രാൻസ്പോർട്ടിലുണ്ടോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഉണ്ടല്ലോ. അതില്ലെന്നു ഞാൻ പറയുന്നില്ല. ഏതായാലും ഞാൻ ആ കാര്യത്തെസംബന്ധിച്ചിടത്തോളം ആരെയും വ്യണപ്പെടുത്തുന്നതിനോ കുറ്റപ്പെടുത്തുന്നതിനോ വേണ്ടി പറയുന്നതല്ലെന്നു ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കണം. ഞാൻ ഇതു പറയുന്നത് ഈ രാജ്യത്തിന്റെ അതിപ്രധാനമായ ഒരു പ്രശ്നമാണെന്നുള്ളതുകൊണ്ടാണ്. ഈ രാജ്യത്തു കുറെയൊക്കെ കലാപങ്ങളും കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ട് എന്നുള്ളതു വസ്തുതയാണ്. അതുകൊണ്ട് ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വൈകിയ ഈ അവസരത്തിലാണെന്നിരിക്കിലും ഗവൺമെന്റിനു ഗവൺമെന്റിന്റേതായ ചുമതലയുണ്ട്. അതുപോലെതന്നെ ഗവൺമെന്റ് എന്തുചെയ്യണമെന്നുള്ളതിനു ധാർമ്മികമായ അടിസ്ഥാനമുണ്ട്. അതുവച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള സമീപനം ഉപയോഗിച്ചു ന്യായമായ വിധത്തിൽ അവരുടേതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ഈ സമരമെന്നുപറഞ്ഞാൽ അത് നടന്നുകൊള്ളട്ടെയെന്നുപറയുന്നത് ശരിയാണോ? പ്രത്യേകിച്ചും തൊഴിൽവകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന ശ്രീ. രവീന്ദ്രൻ നിശ്ചയമായും ഈ കാര്യത്തിൽ അർഹമായനിലയിൽത്തന്നെ തൊഴിൽവകുപ്പിന്റെ മന്ത്രി എന്നുള്ള നിലയിൽത്തന്നെ കുറെക്കൂടി ഗൗരവമായി ഈ കാര്യം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മന്ത്രിസഭയിൽപ്പെട്ട ടി. എ. മജീദ് ഉൾപ്പെടെയുള്ളവർ നിശ്ചയമായും മുൻകൈ എടുത്ത സുപ്രധാനമായ നടപടി എന്ന നിലയിൽ ഒരു തീരുമാനമെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അതു നിശ്ചയമായും വളരെയധികം ആവശ്യമാണ്. ഇതൊരു വൈകിയ പ്രശ്നമാണ്. അവർ എങ്ങനെ ജോലി സമ്പാദിച്ചുവെന്നുള്ളതല്ല പ്രശ്നം. ഇങ്ങനെയെല്ലാം നിയമിച്ച പല ആളുകളെ, പല വകുപ്പുകളിൽ ജോലി സമ്പാദിച്ച ആളുകളെ കാണാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: അന്യായമായ മാർഗ്ഗങ്ങളിൽക്കൂടി പ്രവേശിച്ചത് തുടരണമെന്നാണോ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. എ. ശിവരാമഭാരതി: അങ്ങനെ തുടരണമെന്നു ഞാൻ പറയുന്നില്ല. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കുറേ നാളായി ജോലി

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടുള്ള ആളുകൾ എന്നുള്ളനിലയിൽ പിരിച്ചുവിടാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. തൊഴിലിൽ പ്രവേശിച്ചു കഴിഞ്ഞാൽ തൊഴിലാളിയാണ്. തൊഴിലാളിക്ക് തൊഴിലാളിയുടേതായ ആനുകൂല്യം ലഭിക്കേണ്ടതുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: അവിഹിതമായി ജോലി സമ്പാദിച്ചതെങ്കിലും 240 ദിവസം ജോലി ചെയ്ത ഒററയാളെയും പിരിച്ചുവിട്ടില്ലല്ലൊ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഞാൻ അതിലേക്ക് വളരെ കടക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ഈ പ്രശ്നം കഴിയുന്നതും വേഗം അവസാനിപ്പിക്കണം. ഈ പ്രശ്നം അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിയും ഗവൺമെൻറും ശ്രമിക്കേണ്ടതാണ്. ഈ രാജ്യത്ത് തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട് സർ, ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. ഗവൺമെൻറ് നിശ്ചയമായും ഇത്തരം പ്രശ്നങ്ങളിൽ അതിനേറതായിട്ട് അർഹിക്കുന്ന വിധത്തിൽ പരിഗണിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതുകൊണ്ട് ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികളോട് ഉണ്ടാകേണ്ട സമീപനം മുഴുവൻ പരിശോധനയ്ക്ക് വിധേയമാക്കാൻ നിശ്ചയമായും ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൊഴിൽ വകുപ്പു മന്ത്രിയും ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാദഗതികൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സർ, നമ്മുടെ രാജ്യത്ത് ഏററവും നല്ല നിലയിൽ അധ്വാനിക്കുന്ന വിഭാഗമാണു വ്യവസായശാലകളിലും മററും പണിചെയ്യാൻപോകുന്ന തൊഴിലാളികൾ. 1957–ൽ ആണ് നമ്മുടെ രാജ്യത്ത് പ്രസവകാലവേതനം നൽകുമെന്നുള്ള നിയമം ഉണ്ടാകുന്നതെങ്കിലും ആ തത്വം ഗവൺമെൻറിനെക്കൊണ്ട് അംഗീകരിപ്പിച്ചത്, 1953–ൽ നടന്ന സമരമാണെന്നു അർത്ഥം. ഈ സഭയുടെ നേതാവ് ശ്രീ. ടി. കെ. ദിവാകരന്റെ നേതൃത്വത്തിൽ 1959–ൽ കുണ്ടറ കശുവണ്ടി തൊഴിലാളിയൂണിയൻ നടത്തിയ സമരത്തിൽ ഉണ്ടായ ഒത്തുതീർപ്പിൽ ആണ് വ്യവസായശാലകളിൽ പണിചെയ്യുന്ന തൊഴിലാളികൾക്ക് പ്രസവകാല വേതനം നൽകണമെന്നും അതു ഗവൺമെൻറിനെക്കൊണ്ടും മുതലാളിമാരെക്കൊണ്ടും അംഗീകരിപ്പിച്ചത്. ഇത് 1963–ൽ ആണ് നടപ്പിൽ വന്നത്. അത് അംഗീകരിച്ച ആ കാലത്ത് കശുവണ്ടിതൊഴിലാളികൾക്ക് ദിവസം 12 അണ വച്ച് ഇരുപത്തിഒന്നര രൂപയാണ് കൊടുത്തിരുന്നത്. അതും കൊടുപ്പിക്കുന്നതിന് ആ കാലത്ത് ഏററവും കൂടുതൽ വിഷമങ്ങൾ അനുഭവിച്ചത് ഞങ്ങൾ ആണ്. പ്രതിപക്ഷ നേതാവ് കരുണാകരൻ പറഞ്ഞതുപോലെ ആക്ഷേപാർഹമായ ഒരു സമീപനമാണ് മുതലാളിമാർക്ക് അന്നും ഉണ്ടായിരുന്നത്. എന്റെ വ്യവസായശാലയിൽ പണി ചെയ്യുന്ന ഒരു തൊഴിലാളിസ്ത്രീക്ക് പ്രസവകാലവേതനവും പ്രസവത്തിന് അവധിയും നൽകണമോ? അതിന്റെ പിതൃത്വം ഞാൻ ഏറെറടുക്കണമോ? അന്നു തൊഴിലാളികൾ നടത്തിയ സമരങ്ങളുടെ അടിസ്ഥാനത്തിലാണ് മുതലാളിമാരും ഗവൺമെൻറും ഇത് അംഗീകരിച്ചത്; അത് അംഗീകരിച്ച് നടപ്പിൽ വരുത്തേണ്ടതായി വന്നു. നമ്മുടെ രാജ്യത്ത് കയർ, കശുവണ്ടി, തേയില തോട്ടങ്ങൾ, തീപ്പെട്ടി, തുടങ്ങിയ വ്യവസായങ്ങളിലാണ് സ്ത്രീതൊഴിലാളികൾ പണി ചെയ്യുന്നത്. ഈ സ്ഥാപനങ്ങളിൽ പണി ചെയ്യുന്ന തൊഴിലാളികളെ സംബന്ധിടത്തോളം വളരെപാവപ്പെട്ട ആളുകളാണ്. അവർക്ക് ആ കാലത്ത് പ്രസവകാല അവധിതന്നെ കൊടുത്തിരുന്നത് പ്രസവത്തിനു മുമ്പായി ഒരു മാസവും പ്രസവം കഴിഞ്ഞാൽ രണ്ടുമാസവുമായിരുന്നു. ഇതുതന്നെയും ചില കാലങ്ങളിൽ മുതലാളിമാർ നൽകാതെയും പ്രസവകാലവേതനം തന്നെ കൊടുക്കാതെയും കഴിഞ്ഞുകൂടിയിട്ടുണ്ട്. സർ, ഈ വ്യവസായങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ പണിചെയ്യുന്ന തൊഴിലാളികൾക്ക് ഈ നിയമംകൊണ്ട് കിട്ടാവുന്ന ആനുകൂല്യങ്ങൾ നിശ്ചയമായും നടപ്പിൽവരുത്തുന്നതിനുള്ള ഒരു മെഷിനറി ഗവൺമെൻറിന് ഉണ്ടാകണം. സർ, ഇതിനുമുമ്പുള്ള ബഹുമാനപ്പെട്ട മന്ത്രിമാരും പറയാറുണ്ടായിരുന്നത്, അതാതു അവസരങ്ങളിൽ അവിടെ പണിയെടുക്കുന്ന തൊഴിലാളികൾ സംഘടിച്ച് സംഘടനകളിൽ കൂടി ഇത് നേടിയെടുക്കണമെന്നാണ്, ഒരു അർത്ഥത്തിൽ അത് ശരിയാണ്. പക്ഷേ ആ സംഘടിതമായ ശക്തിയോടെതന്നെ സമരം ചെയ്ത് നേടിയാൽ മാത്രം ഗവൺമെൻറ് നടപ്പിലാക്കുന്ന നിയമങ്ങൾ അംഗീകരിക്കുകയുള്ളൂ എന്നുള്ള സ്ഥാനത്ത് അതിനെ ഒന്നുകൂടി കണ്ടുകൊണ്ട് ഈ തൊഴിലാളികൾക്ക് അനുഗുണമായ ഈ നിയമം ഈ വ്യവസായങ്ങളിലും പ്രത്യേകിച്ച് 1967—ന് ശേഷം അധികാരത്തിൽ വന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറിന് ഈ നിയമം നേരത്തെ നടപ്പിൽ വരുത്താമായിരുന്നു. ഈ നിയമം ഈ അവസരത്തിലെങ്കിലും കൊണ്ടുവന്നതിന് പുതിയ ഗവൺമെണ്ടിനെയും ലേബർ മിനിസ്റ്ററെയും ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, കേന്ദ്ര നിയമത്തിലെ ലീവിനെ സംബന്ധിച്ചുള്ള ഒരു കാര്യം ഈ നിയമത്തിലില്ലെന്ന് ശ്രീ. ഗോപിനാഥൻപിള്ള ചൂണ്ടിക്കാണിച്ചു. പ്രസവകാല വേതനം ക്ലെയിം ചെയ്യുന്നതിനുവേണ്ടിയുള്ള കാലാവധി, കേന്ദ്രനിയമത്തിൽ 160 ദിവസം തുടർച്ചയായി ലീവിന് മുമ്പ് ജോലിചെയ്തിരിക്കണമെന്ന് ആണ് വച്ചിരിക്കുന്നത്. പ്രസവത്തിനു മുമ്പ് 160 ദിവസം തുടർച്ചയായി ജോലി ചെയ്യണം എന്നാണ്. സംസ്ഥാനിയമത്തിൽ 160 ദിവസം.....

ശ്രീ. പി. എസ്. നമ്പൂതിരി: സംസ്ഥാനനിയമത്തിൽ 150 ദിവസം മസ്റ്ററർ റോളിൽ ഉണ്ടായിരിക്കണമെന്നേയുള്ളൂ. കേന്ദ്രനിയമത്തിൽ 160 ദിവസം ജോലി തുടർച്ചയായി ചെയ്യണമെന്നാണ്.

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയുള്ള ചില പ്രയാസങ്ങൾ ഈ കേന്ദ്ര നിയമം നടപ്പിലാക്കുന്നതുമൂലം ഉണ്ട്. ഈ കാര്യത്തിൽ ആവശ്യമായ നടപടി ഗവൺമെൻറ് എടുക്കുന്നതാണ്. പിന്നെ പുതിയ ട്രേഡുയൂണിയൻ ബില്ല് വരുന്നുണ്ട്. ആ ബില്ലിൽ ശ്രീ. പി. എസ് നമ്പൂതിരി പറഞ്ഞ കാര്യങ്ങളെല്ലാം ഉണ്ട്. അതിൻെറ മാതൃകയിലാണ് ഗവൺമെൻറ് ബില്ല് അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രഗവൺമെൻറിൻെറ അനുമതിക്ക് വേണ്ടി ആ ബില്ല് അയച്ചിരിക്കുകയാണ്. അവിടെ താമസിക്കാതിരിക്കുകയാണെങ്കിൽ ആ ബില്ല് കഴിയുന്നതും വേഗം ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ കഴിയും. ഈ ആക്ടും റൂളും എല്ലാം മലയാളത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശം വന്നു. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്ര നിയമവും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. ഗണപതി പറഞ്ഞതുപോലെ പൂർവ്വകാല പ്രാബല്യത്തിലെടുക്കാൻ സാധ്യമല്ല. വിശേഷിച്ചും സാമ്പത്തികമായ കാര്യങ്ങളിൽപ്പെട്ട ഇത്തരം കാര്യങ്ങളിൽ പൂർവ്വകാലപ്രാബല്യം ഈ നിയമത്തിൽ നൽകുവാൻ കഴിയുമോ ഇല്ലയോ എന്നുള്ള ഒരു പ്രശ്നംതന്നെ ഉണ്ട്. ഇതിന് പൂർവ്വകാലപ്രാബല്യം നൽകി ഇതിനുമുമ്പ് പ്രസവകാലവേതനം കൊടുക്കാതിരുന്നവർക്ക് എല്ലാവർക്കും കൊടുത്തുകൊള്ളണമെന്നു നിർബന്ധിക്കുവാൻ നിയമപ്രകാരം സാധ്യമല്ല. കഴിയുന്നതും വേഗം ഈ നിയമം നടപ്പിലാക്കുകയെന്നുള്ളതല്ലാതെ പൂർവ്വകാല പ്രാബല്യം നൽകുവാൻ ഗണപതി പറഞ്ഞത് ഇപ്പോൾ സാധ്യമല്ല.

സർ, ഈ നിയമത്തിലെ ചില വകുപ്പുകളുടെ കാര്യം സാമ്പത്തിക കാര്യം ഒഴികെ, സംസ്ഥാനഗവൺമെൻറിൻെറ ചില വകുപ്പുകളാണ് നല്ലതെ

LIBRARY ARCHIVES Kerala Legislative Assembly

ന്നു തോന്നിയിട്ടുണ്ട്. അത് സാമ്പത്തികമായ കാര്യങ്ങളെ ബാധിക്കുന്നതല്ല. എന്തെങ്കിലും ന്യൂനതകൾ ഉണ്ടോ എന്നു പരിശോധനയ്ക്കു വിധേയമാക്കി ന്യൂനതകളെല്ലാം തിരുത്തി പുതിയ നിയമം ഉണ്ടാക്കണമെന്നുണ്ടോ എന്ന കാര്യം ആലോചിക്കുന്നതാണ്. ഇന്നത്തെ നിലയിൽ സംസ്ഥാനനിയമത്തിലെ വ്യവസ്ഥകൾ സ്ത്രീ തൊഴിലാളികളെ ബാധിക്കുന്നതല്ല. ആ അടിസ്ഥാനത്തിൽ സഭയുടെ എല്ലാ ഭാഗത്തുനിന്നും സഹകരണം ഇല്ലെങ്കിലും ഈ ബില്ല് പാസാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

The question that the Kerala Maternity Benefit (Repeal) Bill, 1970 be taken into consideration was put and carried.

The Bill was taken into consideration.

Mr. Speaker: Now we will take up clause by clause consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stands part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Industries & Labour (Shri P. Ravindran) Sir, I move that the Kerala Maternity Benefit (Repeal) Bill, 1970 be finally passed.

Minister for Revenue (Shri K. T. Jacob): Sir, I second it.

The question that the Kerala Maternity Benefit (Repeal) Bill, 1970 be finally passed was put and carried.

The Bill was finally passed.

Resolution by the Leader of the House

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭയുടെ അംഗീകാരത്തിനായി താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകാണ്.

"ഈ മാസം 29-ാം തീയതി വ്യാഴാഴ്ച സഭാനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) പാർട്ടിയിൽപ്പെട്ട ചില നിയമസഭാംഗങ്ങൾ അധ്യക്ഷവേദിയിൽ പ്രവേശിച്ച് ബഹുമാനപ്പെട്ട സ്പീക്കറെ കൈയേറ്റം ചെയ്യുവാൻ മുതിരുകയും സഭാനടപടികൾ മനഃപൂർവ്വമായും തുടർച്ചയായും പ്രതിബന്ധപ്പെടുത്തുകയും, നിയമസഭാ സെക്രട്ടേറിയറ്റിലും സെക്യൂരിറ്റിസ്റ്റാഫിലും ഉൾപ്പെട്ട ജീവനക്കാരെ ദേഹോപദ്രവം ചെയ്യുകയും നിയമസഭാ റിക്കാർഡുകൾ നശിപ്പിക്കുകയും ചെയ്ത അക്രമ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തെ ഏറ്റവും ഉത്തമമായ ജനാധിപത്യ സ്ഥാപനത്തോടുള്ള അസഹനീയമായ അവഹേളനമാണെന്ന് ഈ സഭ അഭിപ്രായപ്പെടുകയും, ഈ സഭയുടെ അന്തസ്സിനു കളങ്കം ചേർത്ത ഈ സംഭവങ്ങളെ ശക്തിയായി അപലപിക്കുകയും ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly